4 (*304) വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഏതൊക്കെ കേസ്സുകളിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ടീം അന്വേഷണം നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബ്രഹ്മപുരം അഴിമതിക്കേസ് അന്വേഷിക്കുന്നതിന് വിജിലൻസിന്റെ സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) സ്പെഷ്യൽ ടീം അന്വേഷിച്ചുവരുന്ന കേസുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുതവകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു ഉന്നതതല സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം, എറണാകുളം ജില്ലകൾ ആസ്ഥാനമാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ രണ്ട് പോലീസ് സൂപ്രണ്ട് ഓഫീസുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കൂടുതൽ അന്വേഷണ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും പുതിയ കമ്പ്യൂട്ടറുകളും വാഹനങ്ങളും വാങ്ങുകയും അന്വേഷണ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും എല്ലാ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കുകയും അതാതു വകുപ്പുകളിലെ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരെ വിജിലൻസ് ഓഫീസർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ചുമതലയിൽ ഐ.എം.ജി.യുടെ സഹകരണത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൈക്കൂലിക്കെതിരായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി എല്ലാ സർക്കാർ ഓഫീസുകളിലും കൈക്കൂലിക്കെതിരായി ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കേസുകളുടേയും ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിന്റെ നിർമ്മാണത്തിലെ ക്രമ

LIBRARY ARCHIVES Kerala Legislative Assembly

ക്കേടുകളെ സംബന്ധിച്ചുള്ള കേസിന്റേയും അന്വേഷണവുമായി ബന്ധപ്പെട്ട് ഓരോ സ്പെഷ്യൽ ടീം പ്രവർത്തിക്കുന്നുണ്ട്.

(സി) എസ്.പി.യുടെ നേതൃത്വത്തിൽ വിജിലൻസിന്റെ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ഇ) കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 11 എണ്ണം അന്വേഷണം പൂർത്തിയാക്കി അനന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളുടെ അന്വേഷണം പുരോഗമിച്ചുവരുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഉന്നതതല സമിതിയെ നിയോഗിച്ചത് എന്നാണ്; അതിലെ അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. ഇ.കെ. നായനാർ : സർക്കാർ ഉത്തരവ് 104/96/വിജിലൻസ്, തീയതി 11.6.1997 പ്രകാരമാണ് ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുള്ളത്. അതിൽ മുൻഅഡീഷണൽ ചീഫ് സെക്രട്ടറി, സെക്രട്ടറി (വിജിലൻസ്), സെക്രട്ടറി (നിയമ വകുപ്പ്), ഡയറക്ടർ (വിജിലൻസ്) എന്നിവർ അംഗങ്ങളാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ എത്ര അന്വേഷണ സംഘങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

ശ്രീ. ഇ.കെ. നായനാർ : 56 അന്വേഷണ സംഘങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ 96 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എളമരം കരീം : സർ, അഴിമതി സംബന്ധമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് അന്വേഷിക്കുന്നതിന് എന്തെല്ലാം പ്രധാന മാർഗ്ഗങ്ങളാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിച്ചുവരുന്നത്?

ശ്രീ. ഇ.കെ. നായനാർ : ലഭിക്കുന്ന പരാതിയുടെ സ്വഭാവം കണക്കിലെടുത്ത് രഹസ്യാന്വേഷണം, മിന്നൽ പരിശോധന എന്നിവ നടത്തിയും ട്രാപ്പുകൾ സംഘടിപ്പിച്ചും വിശദമായ അന്വേഷണം നടത്തിയും സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

ശ്രീ. എളമരം കരീം : വിവിധ വകുപ്പുതലങ്ങളിൽ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ.കെ. നായനാർ : എല്ലാ വകുപ്പുകളിലും വകുപ്പിലെ കേസുകൾ കൈകാര്യംചെയ്യാൻ വകുപ്പുതല വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ ഉണ്ടാകുന്ന പരാതികളെ സംബന്ധിച്ച് അപ്പോഴപ്പോൾ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ ഇതുവഴി കഴിയുന്നുണ്ട്. താരതമ്യേന ഗൗരവം കുടിയതും പോലീസ് വിജിലൻസ് വകുപ്പ് അന്വേഷിക്കേണ്ടതുമായ കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന് വിടുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : സർ, വിജിലൻസ് തലത്തിലേയ്ക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് വല്ല മാനദണ്ഡവും സർക്കാർ ഏർപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തിയിട്ടുണ്ടോ; ഇവരുടെ സ്ഥലം മാറ്റത്തെ സംബന്ധിച്ച് എന്തെങ്കിലും നോംസ് നിലവിലുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. അതാതുവകുപ്പിലെ കാര്യശേഷിയുള്ള സത്യസന്ധരായ ഉദ്യോഗസ്ഥൻമാരെയാണ് വിജിലൻസ് ഉദ്യോഗസ്ഥരായി നിയമിക്കുന്നത്. അത്തരം ഉദ്യോഗസ്ഥരെ കുറഞ്ഞത് രണ്ട് വർഷക്കാല ത്തേയ്ക്ക് സ്ഥലം മാറ്റാൻ പാടില്ലായെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തിട്ടു ണ്ട്.

ശ്രീ. ടി.കെ. ബാലൻ : വിജിലൻസ് വകുപ്പിന് സർക്കാർ എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് കൈമാറിയിട്ടുള്ളതെന്ന് വിശദീകരി ക്കാമോ?

ശ്രീ. ഇ.കെ. നായനാർ : വകുപ്പിലെ എല്ലാ ആഫീസുകളും പ്രോജക്ടു കളും ഫയലുകളും പരിശോധിക്കാൻ പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികളെ സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് അദ്ധ്യക്ഷന് നൽകുവാനും ചുമതലയുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ അനുവദി ക്കുകയോ മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; ജോലി ഭാരം കണക്കിലെടുത്ത് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യിൽ മാത്രം നാന്നൂറോളം പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ 30 ഡീസൽ ജീപ്പുകളും 9 കമ്പ്യൂട്ടറുകളും പുതിയതായി വാങ്ങിയിട്ടുണ്ട്. ജോലിഭാരം കണക്കിലെടുത്ത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ അടി സ്ഥാന ശമ്പളത്തിന്റെ 10 ശതമാനം പ്രത്യേക അലവൻസായി നിശ്ചയിച്ചിരി ക്കുകയാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, 1995 മുതൽ 1999 വരെ ഓരോ വർഷ ത്തിലും ഈ ബ്യൂറോ രജിസ്റ്റർ ചെയ്തകേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ നായനാർ : സർ, 1996-97-ൽ 114 കേസുകളും 1997-98-ൽ 163 കേസുകളും 1998-99-ൽ 186 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വിജിലൻസ് ഡി.വൈ.എസ്.പി. പോസ്റ്റിൽ ഏറെക്കാലമായി തുടർച്ചയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാ രുണ്ടോ; മൂന്ന് വർഷത്തിൽക്കൂടുതൽ ഡിവൈ.എസ്.പി. ആയി ആരെങ്കിലും തുടരുന്നുണ്ടെങ്കിൽ അവരെ വേറെ തസ്തികയിൽ നിയമിക്കുമോ?

ശ്രീ. ഇ. കെ. നായനാർ : മാക്സിമം മൂന്ന് വർഷം കൊടുക്കും. പിന്നെ മാറ്റും.

LIBRARY ARCHIVES Kerala Legislative Assembly